LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെ അനുവദിക്കപ്പെട്ട പോസ്റ്റുകൾ

46 (4917) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മെഡിക്കൽ കോളേജുകളിലും, സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെ അനുവദിക്കപ്പെട്ട പോസ്റ്റുകൾ എത്രയായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഓരോ മേഖലയിലും ഒഴിഞ്ഞുകിടന്നിരുന്ന പോസ്റ്റുകൾ എത്രയായിരുന്നു ;

(സി) കഴിഞ്ഞ നാലുവർഷംകൊണ്ട് ഈ മേഖലകളിൽ എത്ര ഡോക്ടർമാരുടെ പോസ്റ്റുകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ കാത്ത് ലാബിന്റെ പ്രവർത്തനം

47 (4920) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നുമുതലാണ് ;

(ബി) കാത്ത് ലാബിന്റെ പ്രവർത്തനംമൂലം ഹൃദ്രോഗ ചികിത്സാ രംഗത്ത് ഉണ്ടാകുന്ന കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ ;

(സി) കാത്ത് ലാബ് നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കാത്ത് ലാബ് നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പുതിയ ഒരു കാത്ത് ലാബ് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1997 മുതൽ.

(ബി) ഉണ്ട്. തിരുവനന്തപുരം കാർഡിയോളജി ഡിപ്പാർട്ട്മെന്റിൽത്തന്നെ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് ഹൃദയാഘാത രോഗികളിൽ

എമർജൻസി ആൻജിയോപ്ലാസ്റ്റിക്ക് വിധേയമാക്കുന്ന രോഗികളുടെ മരണ നിരക്ക് കേവലം 4 ശതമാനം മാത്രമാണ്. എന്നാൽ streptokinase എന്ന ക്ലോട്ട് അലിയിക്കുന്ന injection മാത്രം കൊടുത്ത് ചികിത്സിക്കുന്ന രോഗി കളുടെ മരണ നിരക്ക് 10.4% ആണ്. (അതായത് മരണ നിരക്ക് ഏതാണ്ട് അറുപത് ശതമാനം കുറയ്ക്കാൻ സാധിക്കുന്നു). മെഡിക്കൽ കോളേജിൽ ഇതിന് Rs 50,000 (അമ്പതിനായിരം) മാത്രം ചിലവാകുമ്പോൾ പ്രൈവറ്റ് ആശുപത്രികളിൽ Rs. 1,80,000 (ഒരു ലക്ഷത്തി എൺപതിനായിരം) വരെ ചെലവാകുന്നു. കൂടാതെ Balloon Valvuloplast`, PDA Closure, ASD Closure എന്നിവയും ചെയ്യുന്നുണ്ട്.

(സി) നിലവിലുള്ള കാത്ത് ലാബ് KHRWS-ന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ചികിത്സാ കാര്യങ്ങൾ കാർഡിയോളജി വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്.

(ഡി) ഈ കാത്ത് ലാബ് 13 വർഷം പഴക്കമുള്ളതാണ്. ഡിസംബർ 2010-ൽ Siemens Company Annual Maintenance Contract പിൻവലിക്കു മെന്ന് നോട്ടീസ് തന്നിട്ടുണ്ട്. സ്പെയർ പാർട്ടുകൾ ലഭ്യമല്ലാത്തതാണ് കാരണം. ആയതിനാൽ 2010 ഡിസംബറിനു ശേഷം മെഷീൻ കേടായാൽ നന്നാക്കുവാൻ ഭീമമായ തുക ചെലവിടേണ്ടി വരും. നന്നാക്കാൻ പറ്റിയെന്നും വരില്ല.

PMSSY പദ്ധതിയനുസരിച്ച് ഒരു പുതിയ കാത്ത് ലാബിന് രൂപം നല്കി വരുന്നു. ഇത് HDS-ന്റെ കീഴിലാണ് പ്രവർത്തിക്കുക.

എന്നാൽ ഡിപ്പാർട്ട്മെന്റിന് രണ്ട് കാത്ത്ലാബിന്റെ ആവശ്യം ഉള്ളതിനാൽ പുതിയ ഒരു കാത്ത് ലാബ് കൂടി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിലും ഹെൽത്ത് ഡയറക്ടറേറ്റിലും പഞ്ചിംഗ് സംവിധാനം

48 (4921) ശ്രീ. വി. സുരേന്ദ്രൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ഹെൽത്ത് ഡയറക്ടറേറ്റിലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയോ ;

(ബി) എങ്കിൽ അതിനുശേഷമുള്ള പ്രവർത്തനം വിലയിരുത്തിയി ട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly